**2018-2019**

# അരങ്ങ്

## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ



## താളുകളിലൂടെ


ആരുടെയോ അമ്മ

മരണം വന്ന വഴി

അമ്മ എന്ന സത്യം

സൗന്ദര്യപൂജ

സ്ത്രീസംരക്ഷണം

സൗഹൃദം

ദോശമാവിന്റെ രോദനം

തെങ്ങ്

പൊൻതാരം

# ആരുടെയോ അമ്മ



ഒരു മഞ്ഞു വീഴുന്ന ദിവസം.ആ ദിവസം കുറേ കുട്ടികൾ സ്കൂൾ കഴിഞ്ഞ് നിൽക്കുകയായിരുന്നു റോഡരികിൽ ആ വഴി ഒരു മുത്തശ്ശി നടന്നു വന്ന് റോഡരികിൽ നിന്നു.ആ മുത്തശ്ശിയുടെ മുടി നരച്ചിരുന്നു ആ മുത്തശ്ശിയുടെ വസ്ത്രം കീറിയിട്ടുണ്ടായിരുന്നു ആ മുത്തശ്ശി കുനിഞ്ഞാണ് നടുന്നിരുന്നത്. ആ ദിവസം മഞ്ഞ് വീണിട്ട് റോഡ് കാണുകയില്ലായിരുന്നു.ആ മുത്തശ്ശി കുറേ നേരമായി റോഡ് കിടക്കാൻ നോക്കുന്നു.പക്ഷെ മുത്തശ്ശിക്ക് റോഡ് മുറിച്ച് കിടക്കാൻ പറ്റിയില്ല.അപ്പോൾ ആ മുത്തശ്ശി പ്രതീക്ഷിച്ചു ആരെങ്കിലും വന്ന് റോഡ് മുറിച്ച് കിടക്കാൻ സഹായക്കുമെന്ന്.എന്നാൽ ആ മുത്തശ്ശിയുടെ പ്രതീക്ഷതെറ്റി.ആരും തന്നെ വന്നില്ല മുത്തശ്ശിയെ സഹായക്കാൻ.നേരത്തെ കുറേ കുട്ടികൾ സ്കൂൾ. വിട്ടു നിൽക്കുന്നുണ്ടായിരുന്നില്ലെ.ആ കൂട്ടത്തിലെ ഒരു കുട്ടി മുത്തശ്ശിയുടെ കൈപിടിച്ചു പതുക്കെ പതുക്കെ വളരെ ശ്രുദ്ധയോടെ റോഡ് മുറിച്ചുകിടക്കാൻ മുത്തശ്ശിയെ സഹായിച്ചു.ആ കുട്ടിയുടെ മനസ്സിന് ആ നിമിഷം വളരെ സന്തോഷിച്ചു.ആ കുട്ടി വിചാരിച്ചു.എൻറെ അമ്മയും റോഡ് മുറിച്ച് കിടക്കാൻ പ്രയാസപ്പെടുമ്പോൾ ആരെങ്കിലും സഹായിക്കുമെന്ന്.

# മരണം വന്ന വഴി



അച്ഛാച്ഛനെ കണ്ട ഓർമ്മ എനിക്കില്ല. പിന്നെ ഉണ്ടായിരുന്ന സ്നേഹത്തിൻറെ നിറകുടമാണ് എൻറെ അച്ഛമ്മ.വളരെ വലിയ അംഗസംഖ്യയുള്ള ഒരു കൂട്ടുകുടുംബത്തിലാണ് ഞാൻ ജനിച്ചത്. അതാണ് ഞാൻ വലിയൊരു ഭാഗ്യമായി കരുതുന്നതും. അച്ഛമ്മയ്ക്ക് പത്തു മക്കളാണ്. എല്ലാവരും ഒത്തൊരുമയോടുകൂടി വളരെ സ്നേഹപൂർവ്വം ഇപ്പോഴും ജീവിക്കുന്നു. പങ്കുവെക്കുമ്പോഴാണ് സ്നേഹത്തിൻറെ അളവ് കൂടുന്നതെന്ന് അച്ഛമ്മയാണ് എന്നെ പഠിപ്പിച്ചത്. ആ അച്ഛമ്മയുടെ സ്നേഹം ഈ കഴിഞ്ഞ വേനലവധിവരെ അനുഭവിക്കാനേ യോഗമുണ്ടായിരുന്നുള്ളൂ. മരണക്കിടക്കയിൽ കിടക്കുമ്പോഴും പത്തു മക്കളും മരുമക്കളും പേരക്കിടാങ്ങളും അവരുടെ ചുറ്റും ഉണ്ടായിരുന്നു.എല്ലാവരും സന്തോഷത്തോടും സമാധാനത്തോടും ഒത്തൊരുമിച്ച് നിൽക്കുന്നത് കണ്ട് മരിക്കാനുള്ള ഭാഗ്യം അച്ഛമ്മയ്ക്ക് ഉണ്ടായി. അച്ഛമ്മയുടെ കഠിനാധ്വാനത്തിൻറെ ക്ഷമയുടെ സ്നേഹത്തിൻറെ ഫലമാണത്. ഇന്നും മറക്കാനാവാത്ത ഒരിക്കലും അണയാത്ത സ്നേഹത്തിൻറെ നിറദീപമാണെൻറെ മനസ്സിൽ അച്ഛമ്മ.

## അമ്മ എന്ന സത്യം



അമ്മ എന്ന രണ്ടക്ഷരത്തിൽ നാം ഒതുക്കി നിർത്തുന്ന ഒന്നാണ് അമ്മ. മനോഹരമായ ബാല്യത്തിൽ നാം നെഞ്ചോട് ചേർത്തുവെക്കുന്നതും കത്തിജ്യലിക്കുന്ന കൗമാരത്തിൽ നാം അകറ്റി നിർത്തുന്നതുമാണ് നമ്മുടെയെല്ലാം അമ്മ. ആ സത്യത്തെ നാം അറിയാതെ പോകുന്നതെന്തു കൊണ്ടാണ് ? മകന് ദോശ,മകൾക്ക് അപ്പം,അച്ഛന് ചപ്പാത്തി എന്നിങ്ങനെ എല്ലാവർക്കും ഓരോ നേരം അവരുടെ  ആവശ്യത്തിനനുസരിച്ച് ഭക്ഷണം ഉണ്ടാക്കി തരുന്നതാണോ അമ്മ ചെയ്ത തെറ്റ് ? ആ ത്യാഗ മനസ്സിനെയാണോ നാം അകറ്റി നിർത്തുന്നത്.സ്കൂളിലേക്കും മറ്റും പോകുമ്പോൾ,മോളേ വെള്ളം കുടിച്ചോ?മോളേ ചോറ് എടുത്തോ? മോളേ ബുക്ക് വെച്ചോ? എന്നിങ്ങനെയുള്ള അമ്മയുടെ സ്നേഹവാക്കുകൾക്ക് നാം നൽകുന്ന മറുപടി എന്താണ്. "ഓ ശല്യം"എന്ന വാക്കാണ് നാം ആ സ്നേഹത്തിന് പകരം നൽകുന്നത്.അമ്മ എന്നതിലെ 'അ' എന്ന അക്ഷരം സൂചിപ്പിക്കുന്നത് 'അമൃത് ' എന്ന വാക്കാണ്. അല്ലാതെ അടിച്ചമർത്തേണ്ട വസ്തു എന്നല്ല.

# സൗന്ദര്യപൂജ

കുളിച്ചു പൂപ്പൊലിപ്പാട്ടിൽ
വിളിച്ചു മലനാടിനെ
ഒളിച്ചു പൂക്കളം തീർത്തു
കളിച്ച പുലർവേളകൾ

പറന്നുപോയ്പ്പഞ്ചവർണ്ണ-
ക്കിളിക്കൂട്ടങ്ങൾ പോലവെ,
കുന്നിൻചെരുവിലോണപ്പൂ
ക്കുമ്പിളേന്തിയ സന്ധ്യകൾ

കാവിമണ്ണിഴുകും കൊമ്പു
കുലുക്കിത്താടയാട്ടിയും,
കുതിച്ചുപാഞ്ഞു ചിങ്ങപ്പൂ-
ത്തേരിൽപ്പൂട്ടിയ കാളകൾ



# സ്ത്രീസംരക്ഷണം

പുരാതന കാലം മുതൽ സമൂഹത്തിൽ സ്ത്രീകൾക്ക് ബഹുമാനിക്കപ്പെടുന്ന മഹത്തായ പാരമ്പര്യത്തിനും സാംസ്കാരികത്തിനും വേണ്ടി ലോകത്തിലെമ്പാടും ഇന്ത്യയെ അറിയപ്പെടുന്ന രാജ്യമാണ് ഇന്ത്യയെന്ന് നമുക്കറിയാം. സ്ത്രീകൾ സുരക്ഷിതവും ബഹുമാനകരവുമായവയാണെന്ന് പരിഗണിക്കപ്പെടുന്ന രാജ്യമാണിത്. സ്ത്രീകൾക്ക് ഇന്ത്യൻ സമൂഹത്തിൽ ലക്ഷ്മി ദേവിക്ക് സ്ഥാനം നൽകുന്നു.എയറോനോട്ടിക്സ്, സ്പേസ്, രാഷ്ട്രീയം, ബാങ്കുകൾ, സ്കൂളുകൾ, സ്പോർട്സ്, ബിസിനസ്സ്, ആർമി, പോലിസ്, തുടങ്ങി ഒട്ടേറെ മേഖലകളിൽ ജോലി ചെയ്യുന്നു. ഇന്ത്യയിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തുമില്ല, എന്നിരുന്നാലും ഇന്ത്യയിൽ സ്ത്രീകൾക്ക് അനുകൂലമായ പോയിൻറുകൾ അവഗണിക്കാൻ കഴിയില്ല എന്ന് നമുക്ക് പറയാനാവില്ല. നമ്മുടെ ചരിത്രം ഞങ്ങൾ ഓർത്തുവെച്ചാൽ, പാൻകാലി പ്രതാപമുള്ള ഒരു സ്ത്രീയെ (പാണ്ഡവർ) വിവാഹം ചെയ്ത ഒരാളെ (ദ്രൗപദി) അനുവദിച്ചിരുന്നതായി ഞങ്ങൾ കണ്ടെത്തി. നമ്മുടെ തുറന്ന കണ്ണിൽ നിന്ന് നാം കാണുന്ന കാഴ്ചപ്പാടാണ് എല്ലാം മറികടന്നത്. എന്നിരുന്നാലും വീട്ടിലെ സ്ത്രീകൾ, സ്ത്രീകൾ, സ്ത്രീകൾ തുടങ്ങിയ സ്ത്രീകൾക്കെതിരായ എല്ലാ കുറ്റങ്ങൾക്കും ഞങ്ങൾ കണ്ടെത്തും. ബലാത്സംഗം, ആക്രമണങ്ങൾ തുടങ്ങിയവ, സ്ത്രീകളുടെ സുരക്ഷ സംശയിച്ചിട്ടുണ്ട്.

# സൗഹൃദം



കരിയിലയിൽ ചവിട്ടി നടന്നപ്പോൾ

കിട്ടിയ മയിൽപ്പീലി പോലെ,

താഴ്വരയിൽ നിന്ന് മഞ്ഞിൽ

പറന്നുവന്ന അപ്പൂപ്പൻ താടി പോലെ,

കുട ചൂടി നടന്ന മഴയിൽ

ഒഴുകി വന്ന കടലാസു തോണി പോലെ,

വരികൾക്കിടയിൽ കളഞ്ഞു പോയ

ഒറ്റവാക്കുപോലെ,

എൻ സൗഹൃദങ്ങൾ

# ദോശമാവിന്റെ രോദനം




ചൂടുള്ള ചട്ടിയിലേക്ക്

ആരോ എന്നെ കോരിയൊഴിച്ചു

വേദനസഹിക്കാതെ ഞാൻ

ശ്ശൂ......എന്ന് ശബ്ദമുണ്ടാക്കി

അതിനിടയിൽ ആരോ എന്നെ പരത്തി
വലുതാക്കി

വേദന തീരാതെ ദുഖിക്കുന്ന സമയത്ത്

ആരോ എന്നെ കമഴ്ത്തി ഇട്ടു.

പിന്നെ മലർത്തി ഇട്ടു

മാത്രമല്ല എന്റെ ദുഖം തീരുന്നില്ല

വൈകാതെ ഞാനൊരു പൊണ്ണത്തടിയന്റെ വായിലകപ്പെട്ടു

വായിലെത്തുന്നതിനു മുമ്പുതന്നെ

എന്നെ അയാൾ അമർത്തിഞെരിച്ചു.

കേൾക്കണോ സോദരേ.......

വായിലെത്തിയപ്പോൾ ഉണ്ടായകാര്യം

പല്ലുകൾ എത്രക്രൂരനാണ്

അവർ എത്ര ക്രൂരതയാണ് എന്നോട് ചെയ്തത്.

# തെങ്ങ്



തെങ്ങ് ഒരു കൽപ്പവ്റക്ഷമാണ്. തെങ്ങ് കേരളത്തിൻെറയും ഗോവയുടെയും സംസ്ഥാനവ്റക്ഷമാണ് .തെങ്ങ് ഒരു മരത്തിലുപരി പലതുമാണ് തെങ്ങിൻെറ എല്ലാ ഭാഗവും നമുക്ക് ഉപയോഗപ്രദമാണ്. ക്കുട്ടതവായും വിറകുപയോകത്തിനാണ് ഉപയോഗിക്കുന്നത്. തെങ്ങിൻറ ശാസ്ത്രനാമം 'cocos nucifera' എന്നാകുന്നു പ്രധാനമായും തെങ്ങിനെ വെസ്റ്റകോസ്റ്റ ടോൾ എന്നും chaghat orange എന്നും തരം തിരിക്കാം. തെങ്ങിൻെറ തേങ്ങ . തേങ്ങ മലയാളികൾക്ക് പ്രിയങ്കരമാണ്. തെങ്ങിൻെറ ജന്മദേശത്തെക്കുറിച്ച് ശരിയായ ഒരുത്തരമില്ലെങ്കിലും ഏഷ്യയായിരിക്കാം എന്ന് കരുതാം . കവികൾക്കും ചിത്രകാരന്മാർക്കും നിരന്തരം പ്രചോതനമാണ്. തെങ്ങിനേയും തേങ്ങയേയും ആസ്പദമാക്കി ധാരാളം സമാഹാരങ്ങൾ നമ്മുടെ മലയാളഭാഷയിലുണ്ട്. സെപ്റ്റംബർ 2 തെങ്ങ് ദിനമാണ്. തെങ്ങ് ഒരു നല്ല മരമാണ്.

# പൊൻതാരം



പൊൻതാരമേ തനിച്ചായതെന്തേ നീ

ഇപ്പോൾ കൂട്ടൊന്നും വേണ്ടന്ന വെച്ചതോ

അല്ല നി അവരുമായ് പിണങ്ങിയതോ

നീലിമയാം വാനിൽ വെട്ടിത്തിളങ്ങുന്ന

താരകമേ

എന്നക്ഷികൾ നിനക്കുനേർക്കുനേരായ്

ഇമവെട്ടാതെ നിശ്ചലമായ് നിന്നീടുന്നു.

എണ്ണിയാലൊടുങ്ങാത്ത നക്ഷത്രദീപങ്ങൾ വന്നനിരക്കുമ്പോൾ

നീയെന്തു ചെയ്യും

കോപിക്കുമോ അതോ വിലപിക്കുമോ

അല്ലെങ്കിലാനന്താശ്രുപൊഴിച്ചിടുമോ

നീ ആനന്താശ്രുപൊഴിച്ചിടുമോ

എത്രകണ്ടിട്ടും എത്രകണ്ടിട്ടും കൊതിതീരുന്നില്ലെനിക്കുനിന്നെ

നിന്നെതേടിപൊൻ പുലരിവരും വരെ

നോക്കിനിൽക്കും ഞാൻ നിന്നെ തന്നെ

അതിലിടെ ഞാനൊന്നുറങ്ങിപോയാലോ

വന്നിടണം നക്ഷത്രകന്യകേ നീയൊരപ്സരസായ്

എൻ കനവിൽ നൃത്തമാടി

ആനന്ത നൃത്തമാടി

പൊൻതാരമേ തനിച്ചായതെന്തേ നീ

# ഒ.എൽ.എഫിൻെറ ചില നിമിഷങ്ങളിലൂടെ..............






## പ്രകൃതിക്ക് പച്ചപ്പൊരുക്കി -പരിസ്ഥിതി ദിനം




## ഇന്നു വായിക്കുന്നവനാണ് നാളത്തെ നേതാവ് -വായനാദിനം



## സ്വാതന്ത്ര്യപുലരിയിൽ




## ബഷീർ -പാത്തുമ്മയുടെ ആട്




# കലോത്സലവ നിറവിൽ


O.L.F.G.H.S MATHILAKAM
സ്കൂൾ
കലോത്സവം
2018-19
2018 ആഗസ്റ്റ് 8 9
ഒ.എൽ.എഫ്.ജി.എച്ച്.എസ്.മതിലകം













## ശാസ്ത്ര ,സാമൂഹ്യശാസ്ത്ര പ്രവർത്തിപരിയമേള






## വാർഷികാഘോഷം



## പച്ചക്കറിത്തോട്ടമൊരുക്കി വിദ്യാർത്ഥികൾ



## പാവ നിർമ്മാണം



## ലഹരിക്കെതിരെ



## വിജ്ഞാനം പകർന്ന് വിനോദയാത്ര -കുസാറ്റ്,മൈസൂർ





# അണിയറയിൽ നിന്ന്






















2010







# നന്ദി

ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ മേഘ്ന ടീച്ചർക്കും ബേണി ടീച്ചർക്കും ഒരായിരം നന്ദി.......